D1E5T9

# യൂണിറ്റ് - 7
# രാഗലക്ഷണം

### പഠനനേട്ടങ്ങൾ

- രാഗത്തിന്റെ ആരോഹണാവരോഹണങ്ങൾ മനസ്സിലാക്കുന്നു.
- രാഗങ്ങളെ ജനകം, ജന്യം എന്നിങ്ങനെ വർഗ്ഗീകരിക്കുന്നു.
- ജന്യരാഗങ്ങളുടെ ജനകരാഗങ്ങളെ കണ്ടെത്തുന്നു.
- ഈ രാഗങ്ങളിലെ സ്വരക്രമീകരണം മനസ്സിലാക്കുന്നു.
- ഈ രാഗങ്ങളിലെ പ്രധാന കൃതികൾ കണ്ടെത്തുന്നു.
- ഈ രാഗങ്ങളിൽ രചനകൾ നടത്തിയിട്ടുള്ള വാഗ്ഗേയകാരന്മാരെ തിരിച്ചറിയുന്നു.
- ഇവയിലെ വിവിധ സംഗീതരൂപങ്ങളെ പരിചയപ്പെടുന്നു.

### പ്രധാനാശയങ്ങൾ

- മായാമാളവഗൗള
- ശങ്കരാഭരണം
- കല്യാണി
- മോഹനം
- ഹംസധ്വനി
- ബിലഹരി

രാഗത്തിന്റെ വിവിധ ഘടകങ്ങളായ സ്വരങ്ങൾ, അവയുടെ വകഭേദങ്ങൾ, സവിശേഷ പ്രയോഗങ്ങൾ, സ്വരസഞ്ചാരങ്ങൾ, പ്രധാനപ്പെട്ട രചനകൾ എന്നിവയുടെ വിവരണാത്മകമായ വിശദാംശങ്ങളാണ് രാഗലക്ഷണം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. കർണ്ണാടകസംഗീതത്തിലെ പ്രധാനപ്പെട്ട ഏതാനും രാഗങ്ങളുടെ ലക്ഷണം താഴെ ചേർക്കുന്നു.

## 7.1 മായാമാളവഗൗള

15-ാ മത് മേളകർത്താരാഗം. 3-ാമത്തെ ചക്രത്തിലെ 3-ാമത്തെ രാഗമാണിത്. (അഗ്നി – ഗോ)

| | | |
|---|---|---|
| ആരോഹണം | : | സ രി ഗ മ പ ധ നി സ് |
| അവരോഹണം | : | സ് നി ധ പ മ ഗ രി സ |

ഷഡ്ജവും പഞ്ചമവും കൂടാതെ ശുദ്ധഋഷഭം, അന്തര ഗാന്ധാരം, ശുദ്ധമധ്യമം, ശുദ്ധ ധൈവതം, കാകളി നിഷാദം എന്നിവയാണ് ഈ രാഗത്തിലുപയോഗിക്കുന്ന സ്വരങ്ങൾ. അനേകം ജന്യരാഗങ്ങൾ കാണപ്പെടുന്ന ഒരു ജനകരാഗമാണിത്. ഗ, നി, എന്നിവ ജീവസ്വരങ്ങളും സ, ഗ, ധ, നി എന്നിവ ഗ്രഹസ്വരങ്ങളുമാണ്. ശാന്തരസമാണ് ഈ രാഗത്തിന്റെ മുഖമുദ്ര. സംഗീത രത്നാകരം തുടങ്ങിയ പുരാതന ലക്ഷണ ഗ്രന്ഥങ്ങളിൽ ഈ രാഗത്തെക്കുറിച്ച് പരാമർശമുണ്ട്.

കർണാടക സംഗീതവിദ്യാർഥികൾ പ്രാഥമിക പാഠങ്ങൾ അഭ്യസിക്കുന്ന രാഗമാണ് മായാമാളവഗൗള. ഹിന്ദുസ്ഥാനി സംഗീതത്തിലെ 'ഭൈരവ് ഥാട്ട്'ന് സമാനമായ മേളരാഗമാണിത്.

പട്ടിക :7-1

| രചന | വിഭാഗം | താളം | വാഗ്ഗേയകാരന്മാർ |
|---|---|---|---|
| രവികോടി | ലക്ഷണഗീതം | മഠ്യം | വെങ്കടമഖി |
| സരസിജനാഭ | വർണം | ആദി | സ്വാതിതിരുനാൾ |
| ദേവ ദേവ | കൃതി | രൂപകം | സ്വാതിതിരുനാൾ |
| തുളസീദള | കൃതി | രൂപകം | ത്യാഗരാജൻ |

**ഓർമ്മിക്കുക**

- *മായാമാളവഗൗളരാഗത്തിന്റെ ലക്ഷണങ്ങൾ*
- *മായാമാളവഗൗള രാഗത്തിലെ പ്രധാനപ്പെട്ട രചനകൾ*

**പ്രവർത്തനം**

- *മായാമാളവഗൗള രാഗത്തിലെ പ്രാഥമിക പാഠങ്ങൾ പാടി പരിശീലിക്കുക.*
- *മായാമാളവഗൗള രാഗത്തിന്റെ ലക്ഷണവും അതിലെ പ്രധാനപ്പെട്ട രചനകളും ഉൾക്കൊള്ളുന്ന ഒരു ചാർട്ട് തയാറാക്കുക.*

## 7.2 ധീരശങ്കരാഭരണം

29-ാമത് മേളകർത്താരാഗം. 5-ാമത്തെ ചക്രത്തിലെ 5-ാമത് രാഗമാണിത്. (ബാണ-മ)

ആരോഹണം : സ രി ഗ മ പ ധ നി സ്

അവരോഹണം : സ് നി ധ പ മ ഗ രി സ

ഷഡ്ജവും പഞ്ചമവും കൂടാതെ ചതുശ്രുതി ഋഷഭം, അന്തരഗാന്ധാരം, ശുദ്ധമധ്യമം, ചതുശ്രുതി ധൈവതം, കാകളി നിഷാദം എന്നിവയാണ് ഈ രാഗത്തിലുപയോഗിക്കുന്ന സ്വരങ്ങൾ. അനേകം ജന്യരാഗങ്ങളുള്ള ഒരു ജനകരാഗമാണിത്. ഇതിലെ എല്ലാ സ്വരങ്ങളും രാഗഛായാസ്വരങ്ങളാണ്. രി, ഗ, ധ, നി എന്നിവ ന്യാസസ്വരങ്ങളുമാണ്. സ, ഗ, മ, പ എന്നിവ ഗ്രഹസ്വരങ്ങളാണ്. എല്ലാ വിഭാഗത്തിൽപ്പെട്ട സംഗീതരൂപങ്ങളും ഈ രാഗത്തിൽ കാണപ്പെടുന്നു. വിവിധ രസങ്ങൾ പ്രകടിപ്പിക്കുവാൻ കഴിയുന്ന രാഗമാണിത്. സംഗീതരത്നാകരം, സംഗീത മകരന്ദം, തുടങ്ങിയ ഗ്രന്ഥങ്ങളിൽ പരാമർശമുള്ളൊരു പുരാതന രാഗമാണിത്.

പാശ്ചാത്യ സംഗീതത്തിലെ 'മേജർ ഡയാടോണിക് സ്കെയിൽ', ഹിന്ദുസ്ഥാനി സംഗീതത്തിലെ ബിലാവൽ ഥാട്ട് എന്നിവയ്ക്ക് സമാനമായ മേളരാഗമാണിത്.

പട്ടിക : 7-2

| രചന | വിഭാഗം | താളം | വാഗ്ഗേയകാരന്മാർ |
|---|---|---|---|
| സാമിനിന്നെ | വർണം | ആദി | വീണ കുപ്പയ്യർ |
| സ്വരരാഗസുധ | കൃതി | ആദി | ത്യാഗരാജൻ |
| സരോജദള നേത്രി | കൃതി | ആദി | സ്വാതിതിരുനാൾ |
| അക്ഷയലിംഗ | കൃതി | ചാപ്പ് | മുത്തുസ്വാമി ദീക്ഷിതർ |

**ഓർമ്മിക്കുക**

- *ശങ്കരാഭരണത്തിന്റെ രാഗലക്ഷണം*
- *ശങ്കരാഭരണത്തിലെ പ്രധാന രചനകൾ*

**പ്രവർത്തനം**

- *ശങ്കരാഭരണത്തിൽ നിങ്ങൾ പഠിച്ചിട്ടുള്ള ജതിസ്വരം പാടിനോക്കുക*
- *ശങ്കരാഭരണത്തിന്റെ രാഗലക്ഷണവും പ്രധാന കൃതികളും ഉൾപ്പെടുന്ന ഒരു ചാർട്ട് തയാറാക്കുക.*

## 7.3 മേചകല്ല്യാണി

65-ാമത് മേളകർത്താരാഗം. 11-ാമത് ചക്രത്തിലെ 5-ാമത് മേളരാഗമാണിത്. (രുദ്ര-മ)

ആരോഹണം : സ രി ഗ മ പ ധ നി സ്

അവരോഹണം : സ് നി ധ പ മ ഗ രി സ

ഷഡ്ജ- പഞ്ചമ സ്വരങ്ങൾ കൂടാതെ ചതുശ്രുതി ഋഷഭം, അന്തരഗാന്ധാരം, പ്രതി മധ്യമം, ചതുശ്രുതി ധൈവതം, കാകളി നിഷാദം എന്നിവയാണ് ഈ രാഗത്തിൽ ഉപയോഗിക്കുന്ന സ്വരങ്ങൾ. അനേകം ജന്യരാഗങ്ങളുള്ള ഒരു ജനകരാഗമാണിത്. എല്ലാ സ്വരങ്ങളും രാഗഛായാ സ്വരങ്ങളാണ്. രി, ഗ, ധ, നി എന്നിവ ന്യാസ സ്വരങ്ങളും സ, രി, ഗ, പ, നി എന്നിവ ഗ്രഹസ്വരങ്ങളുമാണ്. രിരി, ഗഗ, മമ, ധധ, ഗഗ, ധധ, നിനി തുടങ്ങിയ ജണ്ഡസ്വരപ്രയോഗങ്ങളും നിഗരിനിധ, നിരി നിധമ തുടങ്ങിയ ധാട്ടുസ്വര പ്രയോഗങ്ങളും ഈ രാഗത്തിൽ കാണപ്പെടുന്നു. ഈ രാഗത്തിന് കൂടുതൽ മിഴിവേകുന്നതാണ് ഇതിലെ പഞ്ചമവർജ്യ പ്രയോഗങ്ങൾ.

ദീർഘമായ രാഗാലാപനത്തിന് സാധ്യതയുള്ള രാഗമാണിത്. സംഗീതചരിത്രത്തിലെ ഏറ്റവും പുരാതനമായ പ്രതിമധ്യമരാഗം കൂടിയാണിത്. സാർവകാലിക രാഗമാണെങ്കിലും സായന്തനമാണ് ഈ രാഗം ആലപിക്കുന്നതിന് ഏറ്റവും യോജിച്ച സമയം. ഹിന്ദുസ്ഥാനി സംഗീതത്തിലെ യമൻ അല്ലെങ്കിൽ കല്ല്യാൺ ഥാട്ട് ഈ രാഗത്തിന് സമാനമായ മേളരാഗമാണ്.

**പ്രധാനപ്പെട്ട രചനകൾ**

*പട്ടിക :7-3*

| രചന | വിഭാഗം | താളം | വാഗ്ഗേയകാരൻ |
|---|---|---|---|
| കമലജാതള | ഗീതം | തൃപുട | പല്ലവി ഗോപാലയ്യർ |
| വനജാക്ഷിറോ | വർണം | ആദി | ത്യാഗരാജൻ |
| നിധിചാല | കൃതി | ആദി | ത്യാഗരാജൻ |
| പങ്കജലോചന | കൃതി | ചാപ്പ് | സ്വാതിതിരുനാൾ |
| ഹിമാദ്രിസുതേ | കൃതി | രൂപകം | ശ്യാമ ശാസ്ത്രി |

**ഓർമ്മിക്കുക**

- *കല്യാണിരാഗത്തിന്റെ ലക്ഷണങ്ങൾ*
- *കല്യാണിരാഗത്തിലെ പ്രധാനപ്പെട്ട രചനകൾ*

**പ്രവർത്തനം**

- *കല്യാണിരാഗത്തിലുള്ള "കമലജാതള" എന്ന ഗീതം പാടുക.*
- *കല്യാണിരാഗത്തിന്റെ ലക്ഷണവും പ്രധാനപ്പെട്ട കൃതികളും ഉൾപ്പെടുത്തി ഒരു ചാർട്ട് തയാറാക്കുക.*

## 7.4 മോഹനം

28-ാം മത് മേളമായ ഹരികാംബോജിയുടെ ജന്യരാഗം.

ആരോഹണം : സ രി ഗ പ ധ സ̇

അവരോഹണം : സ̇ ധ പ ഗ രി സ

ഇത് ഔഡവ - ഔഡവ രാഗവും ഉപാംഗരാഗവുമാണ്. ഷഡ്ജ- പഞ്ചമസ്വരങ്ങൾക്കു പുറമേ ചതുശ്രുതി ഋഷഭം, അന്തരഗാന്ധാരം, ചതുശ്രുതിധൈവതം എന്നിവയാണ് ഈ രാഗത്തിലുപയോഗിക്കുന്ന സ്വരങ്ങൾ. രി, ഗ, ധ എന്നിവ ജീവസ്വരങ്ങളാണ്. ഗഗ, പപ, ധധ തുടങ്ങിയ ജണ്ടസ്വര പ്രയോഗങ്ങളും ഗധ പ, ധഗരി തുടങ്ങിയ ധാട്ടുസ്വരപ്രയോഗങ്ങളും ഈ രാഗത്തിൽ കാണപ്പെടുന്നു. സ,ഗ, പ, ധ എന്നിവയാണ് ഗ്രഹസ്വരങ്ങൾ. വളരെ പുരാതനവും ദീർഘമായ ആലാപനത്തിന് യോജിച്ച രാഗവുമാണ് മോഹനം.

അനേകം കൃതികൾ രചിക്കപ്പെട്ടിട്ടുള്ള ഒരു രാഗമാണ് മോഹനം. ഹിന്ദുസ്ഥാനി സംഗീതത്തിൽ ഈ രാഗം 'ഭൂപ്' അഥവാ ഭൂപാളി എന്ന പേരിലറിയപ്പെടുന്നു. മോഹനം ഒരു മംഗളരാഗം കൂടിയായതിനാൽ സംഗീതപരിപാടികൾ ആരംഭിക്കുന്നതിന് ഈ രാഗം ഉപയോഗിക്കാറുണ്ട്.

പ്രധാനപ്പെട്ട രചനകൾ

പട്ടിക : 7-4

| രചന | വിഭാഗം | താളം | വാഗ്ഗേയകാരൻ |
|---|---|---|---|
| വരവീണ | ഗീതം | രൂപകം | ---------------- |
| നിന്നുകോരി | വർണം | ആദി | രാംനാട് ശ്രീനിവാസഅയ്യങ്കാർ |
| നന്നുപാലിംപ | കൃതി | ആദി | ത്യാഗരാജൻ |
| രാമാനിന്നു | കൃതി | ആദി | ത്യാഗരാജൻ |

**ഓർമ്മിക്കുക**

- *മോഹനരാഗത്തിന്റെ ലക്ഷണം*
- *മോഹനത്തിലെ പ്രധാനപ്പെട്ട കൃതികൾ*

**പ്രവർത്തനം**

- *മോഹനരാഗത്തിലെ 'നിന്നുകോരി' വർണം ആലപിക്കുക*
- *മോഹനരാഗത്തിന്റെ ലക്ഷണവും ജനകീയങ്ങളായ കൃതികളും ഉൾപ്പെടുത്തി ഒരു ചാർട്ട് തയാറാക്കുക.*

## 7.5 ഹംസധ്വനി

29-ാമത് മേളകർത്താരാഗം, ധീരശങ്കരാഭരണത്തിന്റെ ജന്യരാഗം.

ആരോഹണം : സ രി ഗ പ നി സ്

അവരോഹണം : സ് നി പ ഗ രി സ

ഇത് ഔഡവ - ഔഡവ രാഗവും ഉപാംഗരാഗവുമാണ്. ആരോഹണത്തിലും അവരോഹണത്തിലും മധ്യമം, ധൈവതം എന്നി സ്വരങ്ങൾ വർജ്യമായ രാഗമാണിത്. ഷഡ്ജം, ചതുശ്രുതി ഋഷഭം, അന്തര ഗാന്ധാരം, പഞ്ചമം, കാകളി നിഷാദം എന്നിവയാണ് ഈ രാഗത്തിൽ ഉപയോഗിക്കുന്ന സ്വരങ്ങൾ. ഗ, നി എന്നിവ ജീവസ്വരങ്ങളും സ, ഗ, പ എന്നിവ ഗ്രഹസ്വരങ്ങളുമാണ്. ഈ രാഗത്തിലെ എല്ലാ സ്വരങ്ങളും ന്യാസസ്വരങ്ങളാണ്. രിരി, ഗഗ പപ നിനി, പപ നിനി രിരി ഗഗ തുടങ്ങിയ ജണ്ടസ്വരങ്ങളും നിഗരി നിരിനി, പനിരിനിപ, ഗനി പഗരി തുടങ്ങിയ ധാട്ടുസ്വരങ്ങളും ഈ രാഗത്തിന് കൂടുതൽ മിഴിവേകുന്ന പ്രയോഗങ്ങളാണ്.

ഒരു മംഗളരാഗം കൂടിയായതിനാൽ കച്ചേരി ആരംഭത്തിൽ ഉപയോഗിക്കുന്നതിന് യോജിച്ച രാഗമാണ് ഹംസധ്വനി. മുത്തുസ്വാമി ദീക്ഷിതരുടെ പിതാവായ രാമസ്വാമി ദീക്ഷിതരാണ് ഈ രാഗം കണ്ടുപിടിച്ചതെന്ന് പറയപ്പെടുന്നു.

**പ്രധാനപ്പെട്ട രചനകൾ** *പട്ടിക :7-5*

| cN\ | h n mKw | X mf w | h mt¤b ł m¢- mA |
|---|---|---|---|
| ജലജാക്ഷ | വർണം | ആദി | മാനമ്പുചാവടി വെങ്കടസുബ്ബയ്യർ |
| വാതാപിഗണപതിം | കൃതി | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| രഘുനായക | കൃതി | ആദി | ത്യാഗരാജൻ |
| പാഹി ശ്രീപതെ | കൃതി | ആദി | സ്വാതിതിരുനാൾ |

**ഓർമ്മിക്കുക**

- *ഹംസധ്വനി രാഗത്തിന്റെ ലക്ഷണം*

**പ്രവർത്തനം**

- *ഹംസധ്വനി രാഗത്തിലെ ജലജാക്ഷവർണം ആലപിക്കുക.*
- *ഹംസധ്വനി രാഗത്തിന്റെ ലക്ഷണവും പ്രധാനകൃതികളും ഉൾപ്പെടുത്തി ഒരു ചാർട്ട് തയാറാക്കുക.*

## 7.6 ബിലഹരി

29-ാമത് മേളകർത്താരാഗം, ധീരശങ്കരാഭരണത്തിന്റെ ജന്യരാഗം.

ആരോഹണം : സ രി ഗ പ ധ സ്

അവരോഹണം : സ് നി ധ പ മ ഗ രി സ

ഇത് ഔഡവ - സമ്പൂർണ്ണ രാഗമാണ്. ഷഡ്ജ - പഞ്ചമസ്വരങ്ങൾക്ക് പുറമെ ചതുശ്രുതി ഋഷഭം, അന്തരഗാന്ധാരം, ശുദ്ധമധ്യമം, ചതുശ്രുതി ധൈവതം, കൈശികി നിഷാദം, കാകളി നിഷാദം എന്നിവയാണ് ഈ രാഗത്തിലുപയോഗിക്കുന്ന സ്വരങ്ങൾ. പ ധ നി ധപ എന്ന പ്രയോഗത്തിൽ കൈശകി നിഷാദം അന്യസ്വരമായി വരുന്നതിനാൽ ഇതൊരു ഭാഷാംഗരാഗമാണ്.

രി, ധ, നി എന്നിവ ജീവസ്വരങ്ങളും രി, പ എന്നിവ ന്യാസസ്വരങ്ങളുമാണ്. സ, രി, ഗ, പ എന്നിവയാണ് ഗ്രഹസ്വരങ്ങൾ. സസ രിരി ഗഗ പപ മുതലായ ജണ്ട സ്വരപ്രയോഗങ്ങളും ധഗരിസനിധപ, പരിസനിധപ, രിഗധപ തുടങ്ങിയ ധാട്ടു സ്വര പ്രയോഗങ്ങളും ഈ രാഗത്തിന് മിഴിവേകുന്ന ഘടകങ്ങളാണ്. അത്ഭുതം, വീരം മുതലായ രസങ്ങൾ പ്രകടിപ്പിക്കാൻ കഴിയുന്ന ഒരു രാഗമാണ് ബിലഹരി. സാർവകാലിക രാഗമാണെങ്കിലും ഈ രാഗം ആലപിക്കുന്നതിന് ഏറ്റവും യോജിച്ച സമയം പ്രഭാതമാണ്. എല്ലാ സംഗീതരൂപങ്ങളിൽപ്പെട്ട രചനകളും ഈ രാഗത്തിൽ കാണപ്പെടുന്നു.

### പ്രധാനപ്പെട്ട രചനകൾ

പട്ടിക :7-6

| രചന | വിഭാഗം | താളം | വാഗ്ഗേയകാരൻ |
|---|---|---|---|
| രാരവേണു | സ്വരജതി | ആദി | ------------------ |
| ഇന്തചൗക്ക | വർണം | ആദി | വീണ കുപ്പയ്യർ |
| ദൊര ഗുണ | കൃതി | ആദി | ത്യാഗരാജൻ |
| ഇന്ത കണ്ണാനന്ദ | കൃതി | രൂപകം | ത്യാഗരാജൻ |
| ബാലസുബ്രമണ്യായ | കൃതി | ചാപ്പ് | ദീക്ഷിതർ |

**ഓർമ്മിക്കുക**

- *ബിലഹരിയുടെ രാഗലക്ഷണം*
- *ബിലഹരി രാഗത്തിലെ പ്രധാന കൃതികൾ*

**പ്രവർത്തനം**

- *ബിലഹരി രാഗത്തിലെ 'രാരവേണു ഗോപബാല' എന്ന സ്വരജതി പാടുക.*
- *ബിലഹരി രാഗത്തിന്റെ ലക്ഷണവും മുഖ്യകൃതികളും ഉൾപ്പെടുത്തി ഒരു ചാർട്ട് തയാറാക്കുക.*

**മൂല്യനിർണയം**

1. മോഹനരാഗത്തിന്റെ ജനകമേളം 1
2. ഹംസധ്വനി ------------- മേളരാഗത്തിന്റെ ജന്യമാണ്. 1
3. മായാമാളവഗൗള ------------- മത്തെ മേളകർത്താരാഗമാണ്. 1
4. ബിലഹരി രാഗത്തിലെ അന്യസ്വരം 1
5. കല്ല്യാണി ---------------- മത്തെ മേളകർത്താരാഗമാണ് 1
6. ശങ്കരാഭരണം ----------- ചക്രത്തിൽ ഉൾപ്പെടുന്നു. 1
7. രണ്ട് ഉപാംഗരാഗങ്ങളുടെ പേരെഴുതുക. 2
8. മോഹനരാഗത്തിന്റെ വർജ്യസ്വരങ്ങൾ 2
9. രണ്ട് ഔഡവ- ഔഡവ രാഗങ്ങളുടെ പേരെഴുക. 2
10. മോഹനരാഗത്തിലെ രണ്ട് പ്രധാന കൃതികൾ 2
11. മായാമാളവഗൗളയുടെ സ്വരസ്ഥാനങ്ങൾ എഴുതുക 3

12. ഹംസധ്വനി രാഗത്തിന്റെ ലക്ഷണമെഴുതുക. 5

13. മേളരാഗങ്ങളുടെ പ്രത്യേകതകൾ വിവരിക്കുക 5

14. ബിലഹരിയുടെ രാഗലക്ഷണമെഴുതുക. 5

**13. ചേരുംപടി ചേർക്കുക. 5**

| | | | |
|---|---|---|---|
| (എ) | മേചകല്ല്യാണി | – | പ്രാഥമിക രാഗം |
| (ബി) | ബിലഹരി | – | 29-ാം മേളകർത്താരാഗം |
| (സി) | മോഹനം | – | ഭാഷാംഗരാഗം |
| (ഡി) | മായാമാളവഗൗള | – | ഔഢവ രാഗം |
| (ഇ) | ശങ്കരാഭരണം | – | 65-ാം മേളകർത്താരാഗം |

## റഫറൻസ്


1. സൗത്ത് ഇന്ത്യൻ മ്യൂസിക് – പ്രൊഫ. എ. സാംബമൂർത്തി
2. സ്പ്ലെൻഡർ ഓഫ് സൗത്ത് ഇന്ത്യൻ മ്യൂസിക് – ഡോ. ചെല്ലദുരൈ
3. ദക്ഷിണേന്ത്യൻ സംഗീതം – ശ്രീ.എ.കെ. രവീന്ദ്രനാഥ്
4. രാഗാസ് ഇൻ കർണ്ണാട്ടിക് മ്യൂസിക് – ഡോ. എസ്. ഭാഗ്യലക്ഷ്മി
5. സംഗീത നിഘണ്ടു – ഡോ. വി.ടി. സുനിൽ